# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.565 07.01.2014-ൽ മറുപടിക്ക്

ചോദ്യം | ഉത്തരം

**ശ്രീ.കെ.ദാസൻ**

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

## സർക്കാരിന്റെ ബാദ്ധ്യതകൾ

| | | |
|---|---|---|
| (എ) | സർക്കാർ ഉടൻ കൊടുത്ത് തീർക്കേണ്ടതായി ബാക്കി നില്പുള്ള ബാദ്ധ്യതകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | കരാറുകാർക്കുള്ള കുടിശ്ശികയും, വിവിധ ക്ഷേമ പെൻഷനുകളിൽ ബാക്കി നൽകാനുള്ള തുകയുമാണ് ഉടൻ കൊടുത്തു തീർക്കേണ്ട പ്രധാന ബാധ്യതകൾ. |
| (ബി) | കരാറുകാർക്കും, കെ.എസ്.ആർ.ടി.സി, ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾക്കും നല്കുവാനുള്ള തുക എത്രയാണെന്ന് വിശദമാക്കാമോ; | ധനകാര്യ വകുപ്പിൽ ലഭ്യമായ LOC നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക 437.85 കോടി രൂപയാണ്. സബ്സിഡി ഇനത്തിൽ കെ.എസ്.ഇ.ബി-ക്ക് 206 കോടി രൂപ ഇനി അനുവദിച്ചു നൽകാനുണ്ട്. കെ.എസ്.ആർ.റ്റി.സി-ക്കും വാട്ടർ അതോറിറ്റിക്കും, സിവിൽ സപ്ലൈസ് കോർപ്പറേഷനും, മെഡിക്കൽ കോർപ്പറേഷനും, കൺസ്യൂമർ ഫെഡറേഷനും കുടിശ്ശികയിനത്തിൽ തുക അനുവദിക്കുവാൻ ബാക്കിയില്ല. |
| (സി) | സിവിൽ സപ്ലൈസ് കോർപ്പറേഷനും, മെഡിക്കൽ കോർപ്പറേഷനും, കൺസ്യൂമർ ഫെഡറേഷനും നല്കുവാൻ നില്പുള്ള തുക എത്ര; | |
| (ഡി) | ക്ഷേമ പദ്ധതികൾ ഓരോന്നും ഇനത്തിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക എത്ര; | ക്ഷേമ പദ്ധതികളിൽ കുടിശ്ശിക ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | കർഷകർക്കും, സഹകരണ സംഘത്തിൽ നിന്ന് വായ്പ എടുത്തവർക്കും സർക്കാർ പ്രഖ്യാപിച്ച പലിശ സബ്സിഡി ഇനത്തിൽ കൊടുത്തു തീർക്കാനുള്ള തുകകൾ എത്ര; ലാന്റ് അക്വസിഷൻ നടത്തിയ ഇനത്തിൽ കൊടുത്തു തീർക്കാനുള്ള ബാധ്യതകൾ എത്ര; | ചെറുകിട കർഷകർ സഹകരണ ബാങ്കുകൾ വഴി എടുത്തിട്ടുള്ള നബാർഡ് കാർഷിക വായ്പയുടെ പലിശ ഇനത്തിലുള്ള കുടിശ്ശിക സർക്കാർ എഴുതിതള്ളിയതുമൂലം സഹകരണ സ്ഥാപനങ്ങൾക്കുണ്ടായ സാമ്പത്തിക ബാധ്യത നികത്തുന്നതിനു നൽകേണ്ട 50 കോടി രൂപ, പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക വായ്പയെടുത്ത് കൃത്യമായി തിരിച്ചടക്കുന്ന കർഷകർക്കുള്ള പലിശ രഹിത വായ്പ പദ്ധതിയായ ഉത്തേജന പലിശയിളവ് പദ്ധതിക്ക് സബ്സിഡി ഇനത്തിൽ നൽകാനുള്ള 28 കോടി രൂപ എന്നിവയാണ് സർക്കാർ പ്രഖ്യാപിച്ച പലിശ സബ്സിഡി ഇനത്തിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക. ലഭ്യമായ |

<table>
<tr><td></td><td></td><td>വിവരങ്ങൾ പ്രകാരം കോടതി തീർപ്പ് കൽപിക്കേണ്ടത് ഉൾപ്പെടെ ലാന്റ് അക്വിസിഷൻ ഇനത്തിൽ വിവിധ ജില്ലകളിലായി സർക്കാർ 952.03 കോടി രൂപ നൽകാനുണ്ട്.</td></tr>
<tr><td>(എഫ്)</td><td>എം.എൽ.എ മാരുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം കൊടുത്തു തീർക്കാൻ ബാക്കി നില്പ്പുള്ള തുക എത്ര;</td><td>എം.എൽ.എ മാരുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം ചെയ്തു തീർത്ത പ്രവർത്തികൾക്കുള്ള തുക പൊതുമരാമത്ത് വകുപ്പ് സമർപ്പിക്കുന്ന LOC-നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആണ് കൊടുത്തുതീർക്കുന്നത്. ഇത് കരാറുകാർക്കുള്ള കുടിശ്ശികയിനത്തിൽ ഉൾപ്പെടുന്നതിനാൽ പ്രത്യേകമായി കണക്കുകൾ വേർതിരിച്ചിട്ടില്ല.</td></tr>
<tr><td>(ജി)</td><td>സാമൂഹ്യ സുരക്ഷ പെൻഷൻകാരുടെ കുടിശ്ശിക എത്ര;</td><td>ലഭ്യമായ വിവരങ്ങൾ പ്രകാരം വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.<br>(തുക കോടിയിൽ)
<table>
<tr><th>പെൻഷൻ പദ്ധതിയുടെ പേര്</th><th>കുടിശ്ശിക 2013 ഡിസംബർ വരെ</th></tr>
<tr><td>വികലാംഗ പെൻഷൻ</td><td>134.76</td></tr>
<tr><td>അഗതി/വിധവ പെൻഷൻ</td><td>366.64</td></tr>
<tr><td>വാർദ്ധക്യകാല പെൻഷൻ</td><td>140.32</td></tr>
<tr><td>അൺ ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ സ്കീം (ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ സോഷ്യൽ സെക്യൂരിറ്റി)</td><td>1.97</td></tr>
</table>
സാമൂഹ്യ സുരക്ഷാ പെൻഷൻകാരുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുള്ള തുക 2014-ജനുവരിയിലെ ഉപധനാഭ്യർത്ഥനയിൽ വകയിരുത്തിയിട്ടുണ്ട്.</td></tr>
<tr><td>(എച്ച്)</td><td>മേൽ പറഞ്ഞ വകയിൽ ഒന്നും പെടാത്ത കൊടുത്തു തീർക്കാനുള്ള മറ്റ് ഇനങ്ങൾ ഏതൊക്കെ; കുടിശ്ശിക എത്രയാണെന്ന് വിശദമാക്കാമോ?</td><td>മറ്റു കുടിശ്ശികകളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ